**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3149** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | ജലേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ; | (ബി) | ജലേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പൊതു -സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജല അതോറിറ്റിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ജലശുദ്ധീകരണശാലകളും ജലസംഭരണികളും സ്ഥിതി ചെയ്യുന്ന പ്രകൃതി സുന്ദരമായ സ്ഥലങ്ങളിലും മറ്റ് ഒഴിഞ്ഞ ഭൂമികളിലും ആസ്തികളിലും ഓരോ പ്രദേശത്തിന്റെയും സാധ്യത കണക്കിലെടുത്ത് വാണിജ്യ സംരഭങ്ങളും, ടൂറിസം പദ്ധതികളും ആവിഷ്കരിക്കുന്നതിന് പാട്ടത്തിന് നൽകുകയും അത് വഴി അധിക വരുമാനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ജല അതോറിറ്റിയുടെ ഭൂമി ലാഭകരമായി എങ്ങനെ വിനിയോഗിക്കാമെന്നതിനെ കുറിച്ച് പഠിക്കാൻ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അതോറിറ്റിയുടെ തീരുമാന പ്രകാരം കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം നൽകുകയുണ്ടായി. ലഭ്യമായ അപേക്ഷ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ